"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ജീവനക്കാര്യം - ശ്രീമതി. ജാസ്മിൻ ബി. കെഎഎസ് (PEN : 201110) - ന് ആർജ്ജിതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2224/2025/GAD തീയതി,തിരുവനന്തപുരം, 21-05-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 1928/2025/പൊഭവ തീയതി; 03.05.2025.
2. ശ്രീമതി. ജാസ്മിൻ ബി. കെഎഎസ് സമർപ്പിച്ച 16.05.2025 - ലെ അപേക്ഷ.
3. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 19.05.2025 - ലെ DE/2057/2025-J5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീമതി. ജാസ്മിൻ ബി. കെഎഎസ് - ന് 05.05.2025 മുതൽ 24.05.2025 വരെയുള്ള 20 ദിവസങ്ങളിൽ (പൊതു അവധി ദിവസങ്ങളായ 04.05.2025 മുന്നിൽച്ചേർത്തും, 25.05.2025 പിന്നിൽച്ചേർത്തും) പരിവർത്തിതാവധി, അർഹതയ്ക്കനുസൃതമായി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, അതിനു തുടർച്ചയായി 25.05.2025 മുതൽ 05.07.2025 വരെയുള്ള 42 ദിവസങ്ങളിലേക്ക് ആർജ്ജിതാവധി അനുവദിക്കണമെന്ന് ശ്രീമതി. ജാസ്മിൻ ബി. കെഎഎസ് പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ശ്രീമതി. ജാസ്മിൻ ബി. കെഎഎസ് (PEN : 201110) - ന് പരാമർശം (1) പ്രകാരം അനുവദിച്ച പരിവർത്തിതാവധിക്കു തുടർച്ചയായി 25.05.2025 മുതൽ 05.07.2025 വരെയുള്ള 42 ദിവസങ്ങളിലേക്ക് (പൊതു അവധി ദിവസമായ 06.07.2025 പിന്നിൽച്ചേർത്ത്) കേരള സർവീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 78 പ്രകാരം ആർജ്ജിതാവധി, അർഹതയ്ക്ക് അനുസൃതമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (1) പ്രകാരം അനുവദിച്ച പൊതു അവധി ദിവസമായ 25.05.2025 പിന്നിൽച്ചേർക്കാനുള്ള അനുമതി ഇതിനാൽ റദ്ദാക്കുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

4) അവധി കാലയളവിലും ശ്രീമതി. ജാസ്മിൻ ബി. കെഎഎസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) തസ്തികയിൽ തുടരുന്നതും, അവധി അവസാനിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയൽ സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീമതി. ജാസ്മിൻ ബി. കെഎഎസ്, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കാസർഗോഡ്.
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം (അവധി അപേക്ഷ പരിശോധനക്കുശേഷം തിരിച്ചയക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു).
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 21-05-2025 10:26:59
സെക്ഷൻ ഓഫീസർ